(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിനുള്ള നടപടി ഊർജ്ജിതമായി നടത്തുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തെരുവുനായ്ക്കളുടെ എണ്ണം പെരുകിയിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവയുടെ ശല്യംമൂലം ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങളും പേപ്പട്ടി വിഷബാധയും ഇല്ലാതാക്കാൻ തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) തെരുവുനായ്ക്കളെ പിടികൂടി നശിപ്പിക്കുന്നതിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ളവരുടെ സേവനം പ്രയോജനപ്പെടുത്തി ഇവയുടെ ഉപദ്രവം ഒഴിവാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രമിക്കുന്നുണ്ട്. എന്നാൽ പരിശീലനം ലഭിച്ച ആളുകൾ വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും തെരുവുനായ്ക്കളെ നശിപ്പിക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ കഴിയുന്നില്ല. അതിനാൽ തെരുവുനായ്ക്കളെ പിടിച്ച് നശിപ്പിക്കുന്ന പ്രവൃത്തിയിൽ പരിശീലനം നടത്തുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

227 (293) പ്രധാന നദികളിൽനിന്നും മണൽവാരുന്നത് നിയന്ത്രിക്കുവാൻ നടപടി

ശ്രീ. കെ.എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നദികളിൽ നിന്ന് മണൽവാരുന്നത് നിയന്ത്രിക്കുവാൻ ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് വിലയിരുത്താറുണ്ടോ;

(സി) ഇപ്പോൾ മണൽവാരൽ നിയന്ത്രിച്ചിട്ടുള്ള നദികളിൽനിന്നും മണലൂറ്റു നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റിവർ മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കാത്തവിധത്തിൽ മണൽവാരൽ നിയന്ത്രിക്കാൻ സ്ഥിരം വിദഗ്ദ്ധ സമിതി രൂപീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പ്രധാനപ്പെട്ട അമ്പത് നദികളിൽനിന്നും മണൽവാരുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകുന്നത് പൂർണ്ണമായും നിർത്തൽ ചെയ്യുകയും സർക്കാർ നിബന്ധനകൾക്ക് വിധേയമായി ജില്ലാ കളക്ടർ അനുവദിക്കുന്ന കടവുകളിൽനിന്നും അനുവദിക്കപ്പെടുന്ന അളവിൽ മണൽ നീക്കം ചെയ്യുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അധികാരികൾ നിശ്ചയിച്ചിരിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി റവന്യൂ, പഞ്ചായത്ത് അധികൃതരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ചില ഇടങ്ങളിൽ മണലൂറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇപ്പോൾ നിർദ്ദേശങ്ങൾ ഒന്നും പരിഗണനയിലില്ല.

228 (294) ജില്ല, താലൂക്ക്, വില്ലേജ് പുനഃസംഘടന

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ല, താലൂക്ക്, വില്ലേജ് പുനഃസംഘടന നടത്തുന്നതിന് സർക്കാർ ഉദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) താലൂക്ക് പുനഃസംഘടനയുമായി ബന്ധപ്പെട്ട് സർക്കാർ മുമ്പ് രൂപീകരിച്ച കമ്മിഷനുകളുടെ റിപ്പോർട്ടുകളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) തൃശ്ശൂർ ജില്ലയിൽ കുന്ദംകുളം കേന്ദ്രീകരിച്ചും, ചാലക്കുടി കേന്ദ്രീകരിച്ചും പുതിയ താലൂക്കുകൾ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) പുതിയ വില്ലേജുകൾ രൂപീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ്?

ഉത്തരം

(എ)&(ബി) റവന്യൂ യൂണിറ്റുകളുടെ പുനഃസംഘടന നടത്തുന്ന കാര്യം പരിഗണനയിലുണ്ട്. ഇക്കാര്യത്തിൽ ലഭിച്ച കമ്മിഷൻ റിപ്പോർട്ടുകൾ ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ജനസംഖ്യ, ഭൂവിസ്തൃതി, പിന്നോക്കാവസ്ഥ എന്നിവ പരിഗണിച്ചും, ഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും കഴിവതുംവേഗം തീരുമാനമെടുക്കുന്നതാണ്.

(സി) പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) വില്ലേജിന്റെ വിസ്തീർണ്ണം 25 ചതുരശ്ര കിലോമീറ്ററും, ജനസംഖ്യ 25000-ഉം ആയി നിശ്ചയിച്ചിട്ടുണ്ട്. ജനസംഖ്യയിൽ 10000 വർദ്ധനയുണ്ടെങ്കിൽ വിസ്തീർണ്ണത്തിൽ ആനുപാതികമായി വ്യത്യാസം ആകാവുന്നതാണ്.

229 (295) നഗരസഭകളുടെ പരിധി വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly